കായലോര ടൂറിസം മേഖലയുടെ അന്തർ ദേശീയ പ്രാധാന്യം

311 (1009) ശ്രീ. സി. മോയിൻ കുട്ടി :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. പി. ബി. അബ്ദുൾ റസാക് :
ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായലോര ടൂറിസം മേഖലയ്ക്ക് കൈവന്നിട്ടുള്ള അന്തർ ദേശീയ പ്രാധാന്യം പരമാവധി പ്രയോജനപ്പെടുത്താൻ പരഗണനയിലുള്ള പദ്ധതികൾ എന്തൊക്കെ ; വിശദമാക്കുമോ ;

(ബി) കായലുകളുടെ വിസ്തൃതി നിലനിർത്തുന്നതിനും കായലോരങ്ങൾ ജൈവവേലിതീർത്ത് മനോഹരമാക്കുന്നകാര്യത്തിലും വിനോദസഞ്ചാരവകുപ്പ് ഇടപെടുന്നകാര്യം പരിഗണിക്കുമോ ;

(സി) നിലവിലെ ചെറുതും വലുതുമായ പൊതുസ്വകാര്യ കനാലുകൾ സംരക്ഷിക്കാനും വിനോദസഞ്ചാരത്തിന് ഉപയുക്തമാക്കാനും സ്വീകരിച്ച നടപടി വിശദമാക്കുമോ ?

ഉത്തരം

(എ) കേരളത്തിന് വിദേശ നാണ്യവും തൊഴിലും നേടിത്തരുന്ന കേരള ടൂറിസത്തിന്റെ ഏറ്റവും മികച്ച ബ്രാന്റ് അംബാസിഡർ ആണ് നമ്മുടെ കായലുകളും, തടാകങ്ങളും. കായലോര ടൂറിസം മേഖലയിലെ അന്തർ ദേശീയ പ്രാധാന്യം പരമാവധി പ്രയോജനപ്പെടുത്തുന്നതിനായി കേരളത്തിന്റെ കായൽ ശൃംഖലയെ സംരക്ഷിക്കുന്നതിനുവേണ്ടി ടൂറിസം വകുപ്പ് തയ്യാറാക്കിയ സംയോജിത കായൽ ടൂറിസം പദ്ധതിയാണ് ആലപ്പുഴ മാസ്റ്റർ പ്ലാൻ. ആലപ്പുഴ കായലുകളുടെ ശുചീകരണം, സംരക്ഷണം, സൗന്ദര്യവത്കരണം എന്നിങ്ങനെ വിവിധ ഘടകങ്ങൾ ഇതിൽ ഉൾപ്പെടുന്നു. ആലപ്പുഴ കായൽ ശൃംഖലയുടെ സമഗ്ര വികസനത്തിനായി തയ്യാറാക്കിയ 72 കോടി രൂപയുടെ പദ്ധതികൾക്ക് കേന്ദ്ര സർക്കാർ 47.62 കോടി രൂപയുടെ സാമ്പത്തിക സഹായം അനുവദിച്ചു. കൂടാതെ 4.62 കോടി രൂപ സംസ്ഥാന സർക്കാരും അനുവദിക്കുകയുണ്ടായി. കായംകുളം മുതൽ അരൂക്കുറ്റി വരെയുള്ള കായൽ ശൃംഖലയിൽ നടപ്പിലാക്കുന്ന ഒരു ബൃഹത് പദ്ധതിയാണിത്.

LIBRARY ARCHIVES Kerala Legislative Assembly

അന്തർദേശീയ പ്രാധാന്യമർഹിക്കുന്ന സംസ്ഥാനത്തിന്റെ മറ്റൊരു പ്രധാനപ്പെട്ട ബാക്ക് വാട്ടർ ടൂറിസം ഡെസ്റ്റിനേഷനായ കുമരകത്തിന്റെ സമഗ്ര വികസനം ലക്ഷ്യമിട്ടുകൊണ്ടുള്ള മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. കൂടാതെ കുമരകം ബാക്ക് വാട്ടർ ഡെസ്റ്റിനേഷൻ വികസനത്തിന്റെ ഭാഗമായി താഴെപ്പറയുന്ന പദ്ധതികൾക്ക് അംഗീകാരം നൽകി നടപ്പിലാക്കി വരുന്നു.

1. കുമരകം കൾച്ചറൽ സെന്ററിന്റെ വികസനം -70 ലക്ഷം.
2. കുമരകം ഡെസ്റ്റിനേഷൻ വികസനം - 2.23 കോടി
3. കുമരകത്തിന്റെ മാലിന്യ നിർമ്മാർജ്ജന പദ്ധതി - 99 ലക്ഷം.
4. കുമരകത്തെ അടിസ്ഥാന സൗകര്യ വികസനം - 4 കോടി.

മറ്റൊരു ബാക്ക് വാട്ടർ ഡെസ്റ്റിനേഷനായ അഷ്ടമുടിയുടെ സമഗ്ര വികസനം ലക്ഷ്യമിട്ടുകൊണ്ടുള്ള മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. കൂടാതെ 4 കോടിയിൽപ്പരം രൂപയുടെ അഷ്ടമുടി ബാക്ക് വാട്ടർ ഡെവലപ്മെന്റ് എന്ന പദ്ധതിയും കഠിനംകുളം കേന്ദ്രീകരിച്ച് 2.50 കോടി രൂപയുടെ പദ്ധതിയും കേന്ദ്ര ധനസഹായത്തോടുകൂടി നടപ്പിലാക്കിയിട്ടുണ്ട്.

വർക്കല - കോട്ടപ്പുറം ഉൾനാടൻ ജലഗതാഗതത്തിന് അനുബന്ധമായും കായലുകളെയും ബന്ധിപ്പിച്ച് സമഗ്രമായ വിനോദ സഞ്ചാര വികസന പദ്ധതിയാണ് വർക്കല-കോട്ടപ്പുറം ബാക്ക് വാട്ടർ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

(ബി) കായലുകളുടെ വിസ്തൃതി നിലനിർത്തുക, കായലോരങ്ങൾ ജൈവവേലി തീർത്ത് മനോഹരമാക്കുക എന്നീ പദ്ധതികൾ ടൂറിസം വകുപ്പ് മുഖേന നടപ്പിലാക്കുന്നവയല്ല.

(സി) ആലപ്പുഴ കായലോര വികസന പദ്ധതിയിൽ വാടായിക്കനാൽ, വാണിജ്യ കനാൽ എന്നിവയുടെ പുതുക്കിപ്പണി, കനാലുകളുടെ പുനരുദ്ധാരണം എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. വിവിധ ജില്ലകളിൽ ഡി.റ്റി.പി.സി.-കൾവഴി വില്ലേജ് 'ബാക്ക് വാട്ടർ ടൂർ ' പദ്ധതി നടപ്പിലാക്കുന്നത് ചെറുതോണികൾ ഉപയോഗിച്ചാണ്. കൊല്ലം - കോട്ടപ്പുറം ജലപാത വികസനം ഏതാണ്ട് പൂർത്തിയായിവരുന്നു. ഇതുവഴിയും അനുബന്ധ ചെറു കനാലുകൾവഴിയും ചെറുതോണി യാത്രയുള്ള സൗകര്യം വർദ്ധിക്കുന്നു. വർക്കല-കോട്ടപ്പുറം ബാക്ക് വാട്ടർ ടൂറിസം പദ്ധതിയിലൂടെ കായലുകളെയും തുരുത്തുകളേയും ചെറുകനാലുകളെയും ബന്ധിപ്പിച്ച് സമഗ്രമായ വിനോദസഞ്ചാര വികസന പദ്ധതിയ്ക്ക് ലക്ഷ്യമിടുന്നു.

LIBRARY ARCHIVES Kerala Legislative Assembly